അധികാരവിരക്തികൊണ്ടുള്ള അദ്ഭുതഫലങ്ങൾ

കെ. രാജേശ്വരി



അധികാരവിരക്തികൊണ്ടുള്ള അദ്ഭുതഫലങ്ങൾ

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2026, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: A peasant girl in a field of flowers, a painting by David de la Mar (1832–1898). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

അധികാരവിരക്തികൊണ്ടുള്ള അദ്ഭുതഫലങ്ങൾ

ഒരു ഭാഗ്യവാനെ നിങ്ങൾ കടലിലേക്ക് എറിഞ്ഞു നോക്കൂ. അയാൾ ചുണ്ടിൽ ഒരു മൽസ്യവുമായി കയറിവരുന്നത് കാണാം.

എ. കെ. ആന്റണി

ദയാമഹിമ ദിവ്യശ്രീ അറയ്ക്കപ്പറമ്പിൽ കര്യൻ ആന്റണി ഒരു പതിറ്റാണ്ടു നീണ്ട സംസ്ഥാന വാസത്തിലൂടെ രാജ്യസഭാംഗമായി ദേശീയ രാഷ്ട്രീയത്തിൽ പ്രവേശിക്കുകയാണ്. ഏറ്റവുമടുത്ത പുനഃസംഘടനയിൽ അദ്ദേഹത്തിന് കാബിനറ്റ് റാങ്കോടെ കേന്ദ്രമന്ത്രിസ്ഥാനം ഉറപ്പാണ്.

പത്മജാ വേണുഗോപാൽ

മൂന്നണിക്കാരല്ലാത്ത അപൂർവത്തിൽ അത്യപൂർവം രാഷ്ട്ര നേതാക്കളിൽ ഒരാളാണ് നി. മി. ദി. ശ്രീ. ആന്റണി. ആദർശധീരൻ, സ്വപ്രത്യയസ്വൈര്യൻ, ക്രിസ്തുദേവനേക്കാൾ ത്യാഗശീലൻ. രണ്ടുതവണ മുഖ്യമന്ത്രിപദവും മൂന്നുതവണ കേന്ദ്രമന്ത്രിസ്ഥാനവും പൂല്ലുപോലെ രാജികഴിഞ്ഞ ദേഹം. രാജ്യസഭാംഗമാകാനോ കേന്ദ്രമന്ത്രിയാകാനോ ആന്റണിക്ക് മോഹമുണ്ടായിട്ടല്ല. എം. എൽ. എ. സ്ഥാനം പോലും നിലവിലുള്ള സഭയുടെ കാലാവധി തീരുംവരെയേ വഹിക്കുവെന്നും ഇനിയൊരിക്കലും തെരഞ്ഞെടുപ്പിൽ മൽസരിക്കില്ലെന്നും പ്രഖ്യാപിക്കുകയും ചെയ്തതാണ്. സംസ്ഥാനത്തെ ഒരു എളിയ കോൺഗ്രസ് പ്രവർത്തകനായി തുടരണം, കഴിയുമെങ്കിൽ ഉപരാഷ്ട്രപതിയോ രാഷ്ട്രപതിയോ ആകണം എന്നേ മോഹിച്ചിട്ടുള്ളൂ. രാജ്യസഭാംഗമോ കേന്ദ്രമന്ത്രിയോ ആകണമെങ്കിൽ കഴിഞ്ഞ ജനവരിയിൽ വി. വി. രാഘവന്റെ ഒഴിവിൽ ആകാമായിരുന്നു. ആദർശധീരനു സിറ്റുതരില്ല, ബലാൽസംഗവിരനേ നൽകുവെന്ന് മൻമോഹൻസിംഗ് പറയില്ല. മദാമ്മാഗാന്ധിയും പറയില്ല. രാജ്യസഭാംഗത്വത്തിനുള്ള തിക്കിലോ തിരക്കിലോ ഇത്തവണയുമില്ലായിരുന്നു ആന്റണി. കോൺഗ്രസിലാണെങ്കിൽ സ്ഥാനമോഹികൾക്ക് യാതൊരു പഞ്ഞവുമില്ല. പി. പി. തങ്കച്ചൻ മുതൽ വി. എസ്. ശിവകുമാർ വരെയും പത്മജാ വേണുഗോപാൽ മുതൽ കെ. പി. ഉണ്ണികൃഷ്ണൻ വരെയും ഇതിനൊക്കെ പുറമെ മാണിസാറിന്റെ അവകാശവാദം. മൂവാറ്റുപുഴക്കാർ തള്ളിയ മകനെ പാർലമെന്റംഗമാക്കാൻ രാജ്യസഭയല്ലാതെ മറ്റെന്തു മാർഗം? ഉണ്ണികൃഷ്ണനും ശിവകുമാറും ഏതാണ്ട് തൊട്ട് തൊട്ടില്ല എന്ന നിലയിലെത്തി. ഉണ്ണ്യേട്ടനെ ഉദ്ദേശിച്ചാകാനെ തരമുള്ളൂ. മലബാറുകാരനെ വേണം രാജ്യസഭാംഗമാക്കാൻ എന്ന് മുഖ്യപ്രസംഗമെഴുതി നമ്മുടെ 'ദേശീയ ദിനപത്രം മാതൃഭൂമി. അന്യഥാചിന്തിതം കാര്യം. കേന്ദ്രമന്ത്രൃത്വചിന്തയേൽ എന്ന് ഋഷി പ്രോക്തം. സോണിയ കൽപിച്ചു, ആന്റണി അനുസരിച്ചു. സർവം ശുഭം മംഗളം.

മുരളീധരൻ

കൗതുകകരമായ വസ്തുത കരുണാകരൻ രാജിവെച്ച ഒഴിവിലാണ് ആന്റണി രാജ്യസഭയിലെത്തുന്നത്. പത്തുംകൊല്ലം മുമ്പ് ആന്റണിയുടെ ഒഴിവിലാണ് കരുണാകർജി രാജ്യസഭാംഗമായത്. മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് ബഹിഷ്കൃതനായ കരുണാകരനെ രാജ്യസഭാംഗവും കേന്ദ്രമന്ത്രിയുമാക്കി അനുനയിപ്പിക്കുകയായിരുന്നു. ഏറക്കുറെ സമാനമായ സാഹചര്യത്തിലാണ് ആന്റണിയെ ദൽഹിയിലേക്ക് തിരിച്ചു കൊണ്ടുവരുന്നതും. 'ഉമ്മാച്ച'വിലെ ഒരു സവർണ കഥാപാത്രത്തിന്റെ (ഡോ. ദേവിക പൊറ്റക്കാട്ടെ) വാക്കുകൾ കടമെടുത്താൽ ഹൈക്കമാന്റ് കിഴിച്ചത് കൂട്ടി.

കരുണാകരൻ

തെരഞ്ഞെടുപ്പ് പരാജയത്തിന്റെ ധാർമിക (!) ഉത്തരവാദിത്തം ഏറ്റെടുത്ത് താൻ സ്വമനസ്സാലെയും പരപ്രേരണ കൂടാതെയും സ്ഥാനമൊഴിയുകയായിരുന്നുവെന്ന് എ. കെ. ആന്റണി ആണയിട്ടുപറയുന്നുണ്ടെങ്കിലും ആദർശധീരനെ സ്വന്തം ഗ്രൂപ്പുകാർ പിന്നിൽനിന്ന് കത്തിയുതാണെന്ന് കൊച്ചുകുട്ടികൾക്കുവരെയറിയാം. ഏറ്റവും ദയാരഹിതമായ മുറിവേൽപിച്ച ബ്രൂട്ടസ് ഉമ്മൻചാണ്ടിയായിരുന്നെന്നും ആര്യാടൻ മുഹമ്മദും തിരുവഞ്ചൂർ രാധാകൃഷ്ണനുമാണ് യഥാക്രമം കാഷ്യസിന്റെയും സിന്നയുടെയും വേഷമണിഞ്ഞതെന്നും ആന്റണിക്കുമറിയാം. കഞ്ഞുഞ്ഞിനെ മുൻനിറുത്തി നാടുഭരിക്കുന്നത് മെത്രാൻ-മുത്തച്ച്-മനോരമത്രയമാണെന്നത് പരമാർഥം. ഉള്ളകാര്യം വെള്ളാപ്പള്ളി നടേശൻ പറഞ്ഞാലും അംഗീകരിക്കണം.

വി. എസ്. ശിവകുമാർ

സ്ഥാനനഷ്ടത്തിൽ ചികിതനും ശിഷ്യന്മാരുടെ വഞ്ചനയിൽ വ്രണിതഹൃദയനുമാണ് ആന്റണി. കരുണാകരനെപ്പോലെ ഉടൻ തിരിച്ചടിക്കൽ ആന്റണിയുടെ ശൈലിയല്ല. തിരിച്ചടിക്കാൻ വേണ്ട ആൾ സ്വാധീനമോ പണമോ ഇല്ല. കരളുറപ്പ് തീരെയുമില്ല. എന്നിരിക്കിലും കഴിയും വിധമുള്ള പാരകൾ പണിയാതെയുമിരുന്നില്ല. ബി. വിജയകുമാറിനെയും കെ. മുഹമ്മദാലിയെയും കെ. സി. ജോസഫിനെയും പോലെ ഏതാനും നിരാശാബാധിതർ ആന്റണിയെ ചുറ്റിപ്പറ്റി നിന്നിരുന്നു താനും.

ഉമ്മൻചാണ്ടി

വി. വി. രാഘവന്റെ നിര്യാണത്തെതുടർന്ന് രാജ്യസഭാസ്ഥാനം ഒഴിവുവന്നപ്പോൾ ആദ്യംപരിഗണിക്കപ്പെട്ട പേര് ആന്റണിയുടേതായിരുന്നു. സംസ്ഥാന രാഷ്ട്രീയത്തിൽ ഉറച്ചനിൽക്കും. കേന്ദ്രത്തിലേക്കില്ല. എന്നായിരുന്നു ആദർശധീരന്റെ നിലപാട്. ആന്റണിയുടെ അധികാരവിരക്തി അറിയാവുന്നതുകൊണ്ട് ആർക്കും അദ്ഭുതം തോന്നിയില്ല. മുഖ്യമന്ത്രിപദം നഷ്ടമായി നാലാം ദിവസം കേന്ദ്രമന്ത്രിയായി വടക്കോട്ട് പറന്നാൽ കരുണാകരനും ആന്റണിയും തമ്മിൽ എന്തുവ്യത്യാസം.

മാണി

രാജ്യസഭാ സീറ്റ് ഒഴിവുവന്ന നവംബർ-ഡിസംബർ കാലത്ത് മദ്യനയവും കഞ്ഞാലിക്കുട്ടി പ്രശ്നവും സൃഷ്ടിച്ച പ്രതിസന്ധിയിൽ ആടിയുലയുകയായിരുന്നു ഉമ്മൻചാണ്ടി മന്ത്രിസഭ. മുഖ്യന്റെ ജനപിന്തുണ വട്ടപൂജ്യമായി. മുസ്ലിംലീഗിന്റെ പാവയാണ് ഉമ്മൻചാണ്ടിയെന്ന് സത്യക്രിസ്ത്യാനികൾ പരിതപിച്ചു. ഹൈക്കമാന്റ് ഇടപെട്ട് മുഖ്യമന്ത്രിയെ മാറ്റുന്ന പക്ഷം ആന്റണിക്ക് തിരിച്ചുവരാൻ കഴിയുമായിരുന്നു.

കഞ്ഞാലിക്കുട്ടി

ഏതായാലും ഡിസംബറിനുശേഷം ചിത്രം മാറി. കഞ്ഞാലിക്കുട്ടി പോയതോടെ മന്ത്രിസഭക്കകത്ത് ഉമ്മൻചാണ്ടി പ്രബലനായി. ആദ്യം ലീഗിൽനിന്നു വിവരസാങ്കേതിക വകുപ്പ് കൈക്കലാക്കി. ഓരോ വകപ്പും അതതു മന്ത്രിമാർ സ്വകാര്യ സാമ്രാജ്യമാക്കി ഭരിക്കുന്ന പരിപാടിക്ക് അറുതിവരുത്തി. എല്ലാ വകുപ്പിലും യഥേഷ്ടം കൈകടത്തി വികസനവും വിഭവസമാഹരണവും കേന്ദ്രീകൃതമാക്കി.

ആര്യാടൻ മുഹമ്മദ്

'ഐ'ഗ്രൂപ്പിനെ ഛിന്നഭിന്നമാക്കുകയും കരുണാകരനെയും പുത്രനെയും പുകച്ച് പുറത്തുചാടിച്ചതോടെ സഭയ്ക്കകത്ത് ഉമ്മൻചാണ്ടി സർവശക്തനായി. ക്രൈസ്തവ സഭാ മേലധ്യക്ഷന്മാരുടെ സമയോചിതമായ ഇടപെടൽകൊണ്ട് പി. പി. ജോർജും ഇ. എം. ആഗസ്തിനും കരുണാകരനെ തള്ളിപ്പറഞ്ഞു. മദ്യമുതലാളിമാരുടെ അക്കൈതവമായ സഹകരണത്താൽ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും അതിഗംഭീരമായ അനുസ്മരണ റാലികൾ നടത്തി 'കരുത്ത്' കൊണ്ട് മുസ്ല് ആന്റണിയോട് ഒട്ടിനിന്നിരുന്ന എം. എം. ഹസ്സനും കെ. വി. തോമസും കടവൂർ ശിവദാസനമൊരിക്കൽ ചാണ്ടിയുടെ അടുപ്പക്കാരായി. വിരശ്ശരപരാക്രമിയായ വയലാർ രവി, ഉമ്മൻചാണ്ടിയുടെ സ്തുതിഗായകനായ കാഴ്ച കാണാനും കേരളീയർക്ക് ഭാഗ്യമുണ്ടായി.

എം. എം. ഹസ്സൻ

ഉമ്മൻചാണ്ടിയുടെ ജനപ്രീതി മാത്രം യാതൊരു മുടക്കവും കൂടാതെ തുടരുന്നു. കരുണാകരന്റെ സുഹൃദ്ബലത്തെയും (1991–93 മുരളി-പത്മകുമാർ-മധുസൂദനൻ-പിച്ച ബഷീർ കാലം) വെല്ലുന്ന തരത്തിലാണ് സ്റ്റാർട്ട് സിറ്റി പോലുള്ള പരമരസികൻ പരപാടികൾ. ഒരുവശത്ത് ഉദ്യോഗസ്ഥരുടെ നിയമനത്തിനും മാറ്റത്തിനുമുള്ള നടപടിക്രമം മറുവശത്ത്. പ്രബലമായ നായർ-ഈഴവ സമുദായങ്ങൾ സർക്കാറിനെതിരെ കാത്തുനിൽക്കുന്നു. സംസ്ഥാനത്ത് ക്രിസ്ത്യാനികൾ തൂണമാണെന്ന് നാരായണപ്പണിക്കരും നടേശനും പാടിനടക്കുന്നു.

മുമ്മദനി

കരുണാകരനെ അനുനയിപ്പിക്കണം, മുരളീധരനെങ്കിലും സ്ഥാനം കൊടുത്ത് പാർട്ടിയിൽ ഐക്യമുണ്ടാക്കണം എന്ന സർവോദയ ചിന്താഗതിക്കാരനായിരുന്നു ആന്റണി. ന്യായമായ ഏത്ത് ഒത്തുതീർപ്പിനും കരുണാകരൻ തയാറായിരുന്നതാനും. പിളർന്നേ തീരൂ എന്ന നിലയിലായിരുന്നു മുരളീധരനും ഉമ്മൻചാണ്ടിയും. ഇങ്ങനെയൊരു പിളർപ്പ് പാർട്ടിക്ക് താങ്ങാനാവില്ലെന്ന് ആന്റണി ഉമ്മൻചാണ്ടിയെ ഗുണദോഷിച്ചു; മാർക്സിസ്റ്റുകാർ ധൃതരാഷ്ട്രാലിംഗനത്തെപ്പറ്റി മുരളിയെയും താക്കീതു ചെയ്തു. സമാധാനം പുനഃസ്ഥാപിക്കാൻ സർവശക്തനായ ഹൈക്കമാന്റിനോട് മുട്ടിൽനിന്ന് അപേക്ഷിച്ചു. ദണ്ഡനസ്മരണ റാലികളിൽ പങ്കെടുക്കാൻ വിസമ്മതിക്കുന്നവന്മാരെ ഭരിക്കുന്നവരുടെ അട്ടഹാസത്തേക്കാൾ വചനത്തിൽ പറയുന്ന ജ്ഞാനികളുടെ വചനങ്ങൾ യുദ്ധായുധങ്ങളേക്കാൾ ജ്ഞാനം നല്കുത്. പക്ഷേ, ആന്റണി നാൾക്കുനാൾ ഒറ്റപ്പെട്ടു. അഹമ്മദ് പട്ടേൽ ഉമ്മൻചാണ്ടിക്ക് പൂർണ പിന്തുണ നൽകി. സമാധാന ദൂതുമായി ആന്റണി ദൽഹിയിലെത്തിയ ദിവസം മുഖ്യൻ പുറത്താക്കപ്പെട്ടു. പിന്നാലെ പാർട്ടി പിളർന്നു.

കെ. വി. തോമസ്

പിളർപ്പിനുശേഷം ആന്റണി തികച്ചും അപ്രത്യക്ഷനായി. കോൺഗ്രസ് ഹൈക്കമാന്റിൽ അദ്ദേഹത്തെ അറിയില്ല എന്ന് പിളർപ്പ് വ്യക്തമാക്കി. വി. എം. സുധീരനും തലേക്കുന്നിൽ ബഷീറുമൊഴികെയുള്ളവരത്രയും ആന്റണിയെ വിട്ടുപോയി. ഇഹത്തിലും പരത്തിലും രക്ഷയില്ലാതെ മുങ്ങിത്താഴുമ്പോൾ അതാ രാജ്യസഭാ സീറ്റ്! കഴിഞ്ഞതത്രയും വിഴുങ്ങി വീണ്ടും വടക്കോട്ട് മടങ്ങി.

അഹമ്മദ് പട്ടേൽ

രാജ്യസഭാംഗത്വത്തിന്റെ സാമ്രദായിക പശ്ചാത്തലം രസാവഹമാണ്. രാജ്യസഭാംഗത്വവും കെ. പി. സി. സി. പ്രസിഡന്റ് പദവും നായന്മാർക്കും കേന്ദ്രമന്ത്രി സ്ഥാനം ഈഴവനും നൽകി. മൊത്തം ഹിന്ദുക്കളെ പ്രീണിപ്പിക്കുന്നു, മുഖ്യന്റെ മനസ്സിലിരിപ്പ്. ആന്റണി രാജ്യസഭാംഗവും കേന്ദ്രമന്ത്രിയുമാകുന്നതോടെ നായർക്കും ഈഴവനും വേണ്ടി വേറെ പദവികൾ തിരഞ്ഞെടുത്തിരിക്കുന്നു.

എൻ. കെ. പ്രേമചന്ദ്രൻ

ആന്റണിയുടെ രാജ്യസഭാപ്രവേശത്തെ സഹർഷം സ്വാഗതം ചെയ്തിരിക്കുന്നു. എസ്. എൻ. ഡി. പി.-യും എൻ. എസ്സ്. എസും സൂനപക്ഷങ്ങളുടെ സമ്മർദത്തെപ്പറ്റി ഏതാനും ചിലത് പറഞ്ഞ പാപത്തിന് ക്രൂശിക്കപ്പെട്ട മാലാഖമാരിലേക്ക് രക്ഷസാക്ഷി പരിവേഷമാണ് നടേശ-നാരായണന്മാർ ആദർശധീരന് നൽകിയിട്ടുള്ളത്. ആന്റണിക്ക് കിട്ടിയ അംഗീകാരം അസംഘടിതരും ആലംബഹീനരുമായ ഹൈന്ദവരുടെ വിജയം. ഹിന്ദു ഹൃദയസമ്രാട്ട് വാഴ്ക!

അബ്ദുസമദ് സമദാനി

ദ്രൗപതി സ്വയംവരത്തിന് ചെന്ന ഇന്ദ്രാദികളെപ്പോലെ ഇളിഭ്യരായി, കെ. പി. ഉണ്ണികൃഷ്ണനും വി. എസ്. ശിവകുമാറും തങ്ങളുടെ കഴുത്തിൽ വരണമാല്യം സ്വപ്നംകണ്ടിരിക്കുമ്പോൾ, നലമുള്ളൊരു നവഗ്രണ പരിമളനെ വരിക്കുന്നു!

ബി. എസ്. ഷേഖാവത്ത്

വയലാർ രവിയുടെ കാര്യം പരമദയനീയം. ഐക്യപ്രരോഗമന സഖ്യം അണിയിലേറിയപ്പോൾ കാബിനറ്റ് മന്ത്രിസ്ഥാനം ഉറപ്പിച്ചയാളാണ് രവി. സത്യപ്രതിജ്ഞക്കിടാൻ പുതിയ കുപ്പായം തയ്പിച്ചു. ചടങ്ങ് കാണാൻ കുടുംബാംഗങ്ങളെ ഒന്നടങ്കം ദൽഹിക്ക് കൊണ്ടുവന്നു. ആന്റണി ഇടങ്കോലിട്ടതു കൊണ്ടാണെന്ന് കുത്തപ്പെടുന്ന മുഹൂർത്തത്തിന് മൂന്നേമുക്കൽ നാഴികമുൻപ് വയലാർജി തഴയപ്പെട്ടു. പിന്നാലെ എ. ഐ. സി. സി. ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് ഒഴിവാക്കപ്പെട്ടു. രാജ്യസഭാ ഉപാധ്യക്ഷ സ്ഥാനത്തേക്ക് പരിഗണിക്കപ്പെട്ട—കപ്പിനും ചുണ്ടിനുമിടക്ക് അതും തട്ടിപ്പോയി. ആന്റണി രാജി വച്ചപ്പോൾ മുഖ്യമന്ത്രിയാകാൻ കൊതിച്ചു. എം. എൽ. എ. അല്ലാത്തതുകൊണ്ട് പരിഗണിക്കപ്പെട്ടില്ല. അതുമില്ല, ഇതുമില്ല. അമ്മയുടെ ദീക്ഷയുമില്ല എന്ന നിലയിലിരിക്കുമ്പോഴാണ് കോൺഗ്രസിലെ കരുണാകര കലാപം. പിന്നെ ഹൈക്കമാന്റ് നടപടിയെ ശക്തിയുക്തം പിന്താങ്ങിയതും കരുണാകരനെ കഠിനകഠോരമായി എതിർത്തതും രവി; ഉമ്മൻചാണ്ടിയെ വാനോളം പുകഴ്ത്തിയതും അല്പമിനിയം പട്ടേലിനെ കഴിയുവിധം സോപ്പിട്ടതും രവി. ഇനിയെങ്കിലും മദാം സോണിയ കനിഞ്ഞ് കേന്ദ്രമന്ത്രിയാക്കുമെന്ന് കരുതി. ആന്റണി രാജ്യസഭയിലെത്തുന്നതോടെ വയലാർജിയുടെ കാര്യം കന്തം. വയലാർ രവിയെ കേന്ദ്രമന്ത്രിയാക്കണമെന്ന് വെള്ളാപ്പള്ളി നടേശൻ നാളിതുവരെ ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് ആന്റണി മന്ത്രിയാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. കാരണം ലളിതം മദനിയെ മോചിപ്പിക്കണം. സ്വന്തപക്ഷം സംരക്ഷിക്കണം. എന്നൊക്കെ പ്രസംഗിക്കുന്ന ഹിന്ദുനാമധാരി രണ്ടംഗങ്ങൾ എത്രമെച്ചം ജന്മം കൊണ്ട് നസ്രാണിയെങ്കിലും വിശ്വാസംകൊണ്ട് ക്രൈസ്തവനും രാഷ്ട്രീയവശാൽ ഹിന്ദുപക്ഷപാതിയുമായ എ. കെ. ആന്റണി. ഒഴിവുവരുന്ന രാജ്യസഭാ സീറ്റ് തരാമെന്ന് കെ. എം. മാണിക്ക് ഉമ്മൻചാണ്ടി കൊടുത്ത ഉറപ്പാണ് ഈ വർഷത്തെ ഏറ്റവും വലിയ ഫലിതം. നിലവിലുള്ള അംഗങ്ങളിലാരെങ്കിലും ഉടൻ മരിക്കാൻ തയാറാകാത്തപക്ഷം, 2006 അവസാനമേ കേരളത്തിൽനിന്ന് രാജ്യസഭയിലേക്ക് ഒഴിവുണ്ടാകൂ. അറിയേണ്ടവർ കോൺഗ്രസിലെ പ്രൊഫ. പി. ജെ. കര്യൻ, മുസ്ലിംലീഗിലെ അബ്ദുസമദ് സമദാനി, ആർ. എസ്. പി.-യിലെ എൻ. കെ. പ്രേമചന്ദ്രൻ. നിലയിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കും. പിണറായി വിജയന്റെ ബലത്തിൽ ഇടതുമുന്നണി മന്ത്രിസഭയുണ്ടാകും എന്നതു് മുന്നരത്തരം. കഞ്ഞാലിക്കുട്ടിയോ ഉമ്മൻചാണ്ടിയോ പ്രതിപക്ഷനേതാവ് എന്ന കാര്യത്തിലാണു സന്ദേഹം. സമദാനിയും കര്യനും രാജ്യസഭാംഗത്വമുപേക്ഷിച്ച് മാണിസാറിന് കൊടുക്കുമെന്ന കാര്യത്തിൽ ഇതെഴുതുന്നവൾക്ക് സംശയമില്ല. രാജ്യസഭാംഗത്വലബ്ധിയിൽ ജോസ് കെ. മാണിയെ മുൻകൂറായി അറിയിച്ചുകൊള്ളട്ടെ.

എൻ. കെ. പ്രേമചന്ദ്രൻ

രാജ്യസഭാംഗമായിക്കഴിഞ്ഞ ഉടൻ കേന്ദ്രമന്ത്രിയാകാൻ പോകുന്ന, ആന്റണിയെയും നമ്മൾ അഭിനന്ദിക്കുക. രണ്ടു കൊല്ലം കഴിഞ്ഞാൽ എ. പി. ജെ. അബ്ദുൽ കലാമിന്റെയും ബി. എസ്. ഷേഖാവത്തിന്റെ കലാവധി കഴിയും. സ്വാതന്ത്ര്യപ്രാപ്തിയുടെ വജ്രജൂബിലിയുമാണ് 2007. സ്വാതന്ത്ര്യം കിട്ടി അറുപതു വർഷത്തിനകം ഹിന്ദുവും മുസൽമാനും സിഖുകാരനും ദലിതനുമൊക്കെ രാഷ്ട്രപതി/ഉപരാഷ്ട്രപതി പദങ്ങൾ അലങ്കരിച്ചിട്ടുണ്ട്. ഒരൊറ്റ ക്രൈസ്തവനെങ്കിലും രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ ആയിട്ടുണ്ടോ? അപ്രകാരമൊരാൾ വേണം എന്നു തോന്നിയാൽ ആന്റണിയല്ലാതെ ആരാ?

ഒരു ഭാഗ്യവാനെ നിങ്ങൾ കടലിലേക്ക് എറിഞ്ഞു നോക്കൂ. അയാൾ ചുണ്ടിൽ ഒരു മൽസ്യവുമായി കയറിവരുന്നത് കാണാം.

□

അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>